**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3776** **27-06-2024 - ൽ മറുപടിയ്ക്ക്**

**തളിപ്പറമ്പ് മണ്ഡലത്തിൽ കായിക വകുപ്പിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തളിപ്പറമ്പ് മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടേയും പുരോഗതി അറിയിക്കാമോ; | (എ) | തളിപ്പറമ്പ് നിയോജക മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഈ സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയ ഷീ ടർഫിന് ഭരണാനുമതി ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ബി) | 2024-25 വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിലെ അനുബന്ധം - II ൽ പൊതുമരാമത്ത് വകുപ്പി ന്റെ ഹെഡിൽ ക്രമ നം 1865 ആയി ഉൾപ്പെട്ടിട്ടുള്ള ആന്തൂർ മുനിസിപ്പാലിറ്റിയിലെ ഷീ ടർഫിന്റെ നിർമ്മാണത്തിനായി 50 ലക്ഷം രൂപ അടങ്കൽ തുകയായും 20% തുക തനത് വർഷത്തെ ബഡ്ജറ്റ് വിഹിതമായും വകയിരുത്തിയിട്ടുണ്ട്. തളിപ്പറമ്പ് നിയോജക മണ്ഡലം എം.എൽ.എയുടെ നിർദ്ദേശാനുസരണം സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത എസ്റ്റിമേറ്റ് 50 ലക്ഷം രൂപയിൽ അധികരിക്കുന്നതിനാൽ എസ്റ്റിമേറ്റിലെ ചില ഘടകങ്ങൾ പുനക്രമീകരിച്ച് 50 ലക്ഷം രൂപയിൽ എസ്റ്റിമേറ്റ് നിജപ്പെടുത്തേണ്ടതുണ്ട്. കൂടാതെ ടി പ്രവൃത്തി പൊതുമരാമത്ത് വകുപ്പിൽ നിന്നും കായിക വകുപ്പിലേക്ക് ലഭ്യമായ ശേഷം ഭരണാനുമതിക്കായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-1

| നം | പദ്ധതിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | ആന്തൂർ സ്പോർട്ട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ | പ്രവർത്തി പൂർത്തീകരിച്ചു |
| 2 | മയ്യിൽ ഹയർ സെക്കണ്ടറി സ്കൂൾ ഗ്രൗണ്ട് നവീകരണം | 12.10.2022 ലെ സർക്കാർ ഉത്തരവ് നം. 261/2022/കാ.യു.വ പ്രകാരം 4 കോടി രൂപയുടെ ഭരണാനുമതി നൽകിയ പ്രസ്തുത പദ്ധതി 28.10.2022 ൽ ടെണ്ടർ ക്ഷണിക്കുകയും ശ്രീ. എം.ടി അബ്ദുൾ നാസർ, കാസർഗോഡ് എന്ന കരാറുകാരനുമായി 28.12.2022 ൽ കരാറിലേർപ്പെട്ടിരുന്നു. എന്നാൽ കരാറുകാരൻ ടി പ്രവൃത്തിയുടെ പുരോഗതിയിൽ കാലതാമസം വരുത്തിയതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനർ ക്രമീകരിക്കുകയും ചെയ്തിരുന്നു.<br>01.08.2023 ൽ ടി പ്രവൃത്തിക്ക് പുനർ ദർഘാസ് ക്ഷണിക്കുകയും അതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരനായ ശ്രീ. അബ്ദുൾ ഷെരീഫ്. എം, കാസർഗോഡ് എന്ന കരാറുകാരനുമായി 01.11.2023 ൽ കരാറിലേർപ്പെടുകയും 30% പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| 3 | ആന്തൂർ മുൻസിപ്പൽ ഗ്രൗണ്ടിലെ ഇലവൻസ് മഡ് ഫുട്ബോൾ കോർട്ട്&അനുബന്ധ സൗകര്യങ്ങളും | 14.06.2023 -ലെ സർക്കാർ ഉത്തരവ് നം. 173/2023/കാ.യു.വ പ്രകാരം 2.23 കോടി രൂപയുടെ ഭരണാനുമതി നൽകിയ പ്രസ്തുത പദ്ധതിയിൽ ഇലവൻസ് നാച്ചുറൽ ഫുട്ബോൾ ടർഫും അനുബന്ധ സൗകര്യങ്ങളുമാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ 03.07.2023 ൽ ആന്തൂർ നഗരസഭയിൽ ചേർന്ന യോഗത്തിൽ നാച്ചുറൽ ഫുട്ബോൾ ടർഫിന് പകരം മഡ് ഫുട്ബോൾ ടർഫും കൂടാതെ പ്രസ്തുത പ്രവൃത്തിയുടെ ഘടകങ്ങളിൽ സ്റ്റെപ്പ് ഗ്യാലറി ഉൾപ്പെടെയുള്ള ചില ഘടകങ്ങൾ കൂടി ഉൾപ്പെടുത്തുവാനും തീരുമാനിച്ചിരുന്നു.<br>പുതിയ ഘടകങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള 273 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി 13.10.2023 ന് കൂടിയ |

| | | |
|---|---|---|
| | | വകുപ്പ്തല വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗിൽ സമർപ്പിച്ചിരുന്നുവെങ്കിലും ആവശ്യമായ ഫണ്ട് ലഭ്യമല്ലാത്തതിനാൽ അംഗീകാരം നൽകാൻ കഴിഞ്ഞില്ല.<br>പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 223 ലക്ഷം രൂപയിൽ നിജപ്പെടുത്തികൊണ്ടുള്ള 22.02.2024 ലെ സർക്കാർ ഉത്തരവ് നം. 58/2024/കാ.യു.വ പ്രകാരം 2.23 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും നൽകി.<br>ടി പദ്ധതിക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 2.11 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 26.02.2024 തീയ്യതിയിൽ കരാർ ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ആദ്യ ദർഘാസിൽ കരാറുകാർ ആരും പങ്കെടുത്തില്ല.<br>09.03.2024 തീയ്യതിയിൽ പ്രവൃത്തിക്ക് റീടെണ്ടർ ക്ഷണിക്കുകയും ശ്രീ. ഒ.സി. ഉല്ലാസൻ എന്ന കരാറുകാരന് 14.06.2024 തീയ്യതിയിൽ വർക്ക് ഓർഡർ നൽകുകയും എഗ്രിമെന്റിൽ ഏർപ്പെടുവാൻ കരാറുകാരന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| 4 | പരിയാരം ഗ്രാമപഞ്ചായത്ത് നെല്ലിപ്പറമ്പ് ഗ്രൗണ്ട്(ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി) | സർക്കാരിന്റെ 18.10.2023 തീയതിയിലെ ഉത്തരവ് (സാധാ) നം. 305/2023/കാ.യു.വ പ്രകാരം ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി 60 കോടി രൂപയുടെ സമഗ്രഭരണാനുമതി നൽകിയ ലിസ്റ്റിലെ ക്രമനമ്പർ 100 ആയി തളിപ്പറമ്പ് മണ്ഡലത്തിലെ പരിയാരം ഗ്രാമപഞ്ചായത്ത് നെല്ലിപ്പറമ്പ് ഗ്രൗണ്ടും ഉൾപ്പെട്ടിട്ടുണ്ട്.<br>ബഹു. തളിപ്പറമ്പ് നിയോജക മണ്ഡലം എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 01.03.2024 തീയ്യതിയിലെ കണ്ണൂർ ജില്ലാ കളക്ടറുടെ നടപടിക്രമം നം. എൽ.എസ്.ജി.ഡി /ജെ.ഡി /കെ.എൻ. ആർ/ 4974/ 2023-എഫ്3 പ്രകാരം എം.എൽ.എ ഫണ്ടായി 50 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു.<br>11.03.2024 തീയതിയിൽ കായിക വകുപ്പ് ഡയറക്ടർ എ 3-1109/24/കാ.യു.ക ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ട് വിഹിതവും പ്ലാൻ ഫണ്ട് വിഹിതവും ഉൾപ്പെടെ 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതിയും നൽകിയിരുന്നു. |

| | | |
|---|---|---|
| | | ടി പദ്ധതിക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 93.89 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകുകയും ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**